കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം

e-mail:lfadtvm -yahoo.in

# മാണിക്കൽ ഗ്രാമപഞ്ചായത്ത്
# 2017-18
# ഓഡിറ്റ് റിപ്പോർട്ട്

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.10 /2626/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,
തീയതി : 11.02.2019

ഇ-മെയിൽ-lfadtvm@yahoo.in

dotvm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

മാണിക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാണിക്കൽ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) - ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉ. പത്രം സഹിതം),

2) ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, തിരുവനന്തപുരം,

3) കാര്യാലയ പകർപ്പ്, 4) സ്പെയർ.

നം.കെ.എസ്.എ .റ്റി.വി.എം/ജി.പി.8 /2626 /2018 തീയതി: 11.02.2019

തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ ഗ്രാമപഞ്ചയത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക_ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2017മുതൽ 22-11-2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സാജൻ ലാൽ.എസ്.ജെ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.11.2018 മുതൽ 30.11.2018വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1. ശ്രീ.സനിൽ.എസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | 2. ശ്രീമതി.ലതാകുമാരി.യു, ഓഡിറ്റ് ഓഫീസർ |
| | 3.ശ്രീമതി.ഒ.ബിന്ദു, അസി.ഓഡിറ്റ് ഓഫീസർ |
| | 4.ശ്രീ.എസ്.സുജേഷ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | 5.ശ്രീ.പ്രകാശ് കൃഷ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.സുജാത | 01-04-2017 മുതൽ 31-03-2018 വരെ |
| സെക്രട്ടറി | ശ്രീ.എസ്.പ്രേംശങ്കർ | 01-04-2017 മുതൽ 31-03-2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | ഉദ്യോഗസ്ഥന്റെ പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.പമീല രാജ് | 01-04-2017 മുതൽ 31-03-2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ഹനീഫ | 01-04-2017 മുതൽ 31-03-2018 വരെ |
| ഐ.സി.ഡി. എസ്. സൂപ്പർവൈസർ | ശ്രീമതി.രശ്മി | 01-04-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.ഹീര.റ്റി.എസ് | 01-04-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ജ്യോതി | 01-04-2017 മുതൽ 31-03-2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ദീപ്തി | 01-04-2017 മുതൽ 31-03-2018 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി.റ്റി.എസ്.ഷീബ | 01-04-2017 മുതൽ 31-03-2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.പ്രീതി പ്രഭാകർ | 01-04-2017 മുതൽ 31-03-2018 വരെ |
| വെറ്റിനറി സർജൻ | ഡോ.രാജീവ് | 01-04-2017 മുതൽ 31-03-2018 വരെ |
| അസി.സെക്രട്ടറി | ശ്രീമതി.ബിന്ദുലേഖ | 01-04-2017 മുതൽ 31-03-2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 | |
| 5 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-5 | |

| | | | |
|---|---|---|---|
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് പരിശോധന | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ | 1-12 | |
| | ഭാഗം 2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | ഡി ആന്റ് ഓ ലൈസൻസ് - വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് പരിപാലിച്ചിട്ടില്ല | 2-1 | |
| 14 | ഇ-ടെണ്ടറിംഗ്, ടെണ്ടറിംഗ് ഫോറം വില ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ഒടുക്കു വരുത്തിയില്ല | 2-2 | |
| 15 | ഹാപ്പിലാന്റ് അമ്യൂസ്മെന്റ് പാർക്ക്- കുടിശ്ശികയുള്ള വിനോദ നികുതി ഈടാക്കുന്നത് ഹൈക്കോടതി സ്റ്റേ ചെയ്തു. | 2-3 | |
| 16 | വസ്തു നികുതിയിനത്തിൽ 35 ലക്ഷം രൂപയുടെ കുടിശ്ശിക | 2-4 | |
| | ഭാഗം 3<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 17 | ഗുണഭോക്തൃ തെരഞ്ഞെടുപ്പ്- സർക്കാർ നിർദ്ദേശം പാലക്കുന്നില്ല | 3-1 | |
| 18 | വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല | 3-2 | |

| | | | |
|---|---|---|---|
| 19 | സേവാ ഗ്രാമകേന്ദ്രങ്ങൾ- പ്രവർത്തനം വിലയിരുത്തലിന് വിധേയമാക്കണം | 3-3 | |
| 20 | പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് നിർമ്മാണം- സമഗ്ര പഠനത്തിന്റെ അഭാവത്താൽ സാമ്പത്തിക ബാദ്ധ്യത സൃഷ്ടിക്കുന്നു | 3-4 | |
| 21 | കരാർ ചമയ്ക്കാതെ സാധനങ്ങൾ വാങ്ങി | 3-5 | |
| 22 | പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടം വിജ്ഞാപനം പുറപ്പെടുവിച്ചെങ്കിലുംനടപ്പിലാക്കിയില്ല | 3-6 | |
| 23 | വനിതാ റിസോഴ്സ് സെന്റർ- ഉദ്ദേശ്യ ലക്ഷ്യം കൈവരിച്ചില്ല | 3-7 | |
| 24 | തെരുവ് വിളക്ക് പരിപാലനം- നിർദ്ദിഷ്ട മാതൃകയിൽ രേഖകൾ സൂക്ഷിച്ചിട്ടില്ല | 3-8 | |
| 25 | അതീവ ഗുരുതര മേഖലയിൽ പെടുന്ന വിഭാഗത്തിന് പ്രോജക്ട് നടപ്പിലാക്കിയില്ല | 3-9 | |
| 26 | ജലസേചന പമ്പ് സെറ്റ്- ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി- 140080 രൂപ തടസ്സപ്പെടുത്തുന്നു | 3-10 | |
| 27 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല | 3-11 | |
| 28 | കറവ പശു വിതരണം- പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ | 3-12 | |
| 29 | വിഭാവനം ചെയ്യുന്ന പ്രോജക്ടുകൾ പൂർണ്ണമായി നടപ്പാക്കുന്നില്ല | 3-13 | |
| 30 | ക്ഷീരകർഷകർക്ക് സബ്സിഡി | 3-14 | |
| | ഭാഗം 4 | | |
| 31 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |

| | | | |
|---|---|---|---|
| 32 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 34 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 36 | ഓഡിറ്റ് റിക്കവറി | 4-6 | |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| ബജറ്റ് പ്രകാരം | RP സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|
| മുന്നിരിപ്പ് - 2,05,07,138 | 2391828 |
| പ്രതീക്ഷിത വരവ് - 378404500 | 90314160 |
| ആകെ - 39,89,11,638 | 114232398 |
| പ്രതീക്ഷിത ചെലവ്- 38,46,57,000 | 99124470 |
| നീക്കിയിരിപ്പ് - 1,42,54,638 | 15107928 |

1-1-1 ബജറ്റ് മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് പ്രകാരം സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും ചട്ടങ്ങളും പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | വിവരണം | നടപടിക്രമം | ഗ്രാമപഞ്ചായത്തിന്റെ നടപടി |
|---|---|---|---|
| 1 | ബജറ്റ് വർഷത്തേയ്ക്കുള്ള വാർഷിക പദ്ധതി അംഗീകാരം | ഫെബ്രുവരി 28 –ന് മുൻപ് | ലഭ്യമല്ല |

| | | | |
|---|---|---|---|
| | | | |
| 2 | നോൺ-പ്ലാൻ വരവ്-ചെലവുകളുടെ കരട് പ്രൊപ്പോസൽ ആവശ്യപ്പെടൽ | ഡിംസബർ 15, 2016 ന് മുൻപ് | 26-12-2016 |
| 3 | നോൺ-പ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസൽ ഘടക സ്ഥാപനങ്ങൾ സമർപ്പിക്കൽ | ജനവരി 15 ന് മുൻപ് | ഇല്ല |
| 4 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചേരൽ | ജനവരി 25 ന് മുൻപ് | 20-03-2017 |
| 5 | ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ പ്രൊപ്പോസൽ വയ്ക്കലും ക്രോഡീകരണവും | ഫെബ്രുവരി 1 ന് മുൻപ് | ഇല്ല |
| 6 | ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ബജറ്റ് നിർമ്മാണം | മാർച്ച് 1 ന് മുൻപ് | 16-02-2017 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിന് പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ | മാർച്ച് 7 ന് മുൻപ് | 27-03-2017 |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ | മാർച്ച് 31 ന് മുൻപ് | 28-03-2017 |

2017-18 സാമ്പത്തിക വർഷത്തിലെ ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ അപൂർണ്ണമാണ്. ബജറ്റിലെ വരവ് ചെലവ് വിവരങ്ങളെക്കുറിച്ചുള്ള പൊതുവായ രേഖപ്പെടുത്തൽ മാത്രമേ ഫയലിൽ ഉള്ളൂ.

1-1-2 അശാസ്ത്രീയമായി ബജറ്റ് തയ്യാറാക്കൽ

അടുത്ത സാമ്പത്തിക വർഷം സ്ഥാപനത്തിൽ ലഭിക്കാനുള്ള തനത് വരവ് ഇനങ്ങളെ സമഗ്രമായി അപഗ്രഥിച്ചല്ല പ്രതീക്ഷിത വരവ് കണക്കാക്കിയിട്ടുള്ളത്. ആയതിനാൽ ബജറ്റ് നിർദ്ദേശങ്ങളും യഥാർത്ഥ വരവും തമ്മിൽ അന്തരം കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് എസ്റ്റിമേറ്റ് | യഥാർത്ഥ തുക | വ്യത്യാസം |
|---|---|---|---|
| വരവ് | | | |
| വസ്തുനികുതി | 80,00,000 | 54,50,794 | (-)2549206 |
| തൊഴിൽ നികുതി | 25,00,000 | 22,48,250 | (-)2,51,750 |

| | | | |
|---|---|---|---|
| ചെലവ് | | | |
| ശമ്പളം | 97,00,000 | 84,19,644 | (-) 12,80,356 |
| വേതനം | 9,00,000 | 11,15,181 | 2,15,181 |

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധപുലർത്തേണ്ടതുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2018 | 20-06-2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 22-06-2018 മുതൽ 24-06-2018 വരെ | നം.കെ.എസ്.എ/റ്റി.വി.എം.ജി.പി.10/ 1662/18 തീയതി 08-08-2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | | |
|---|---|---|
| മുന്നിരിപ്പ് | : | 23918238 |
| വരവ് | : | 90314160 |
| ആകെ | : | 114232398 |
| ചെലവ് | : | 99124470 |
| നീക്കിയിരിപ്പ് | : | 15107928 |

## 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഇനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| *വികസന ഫണ്ട് (ജനറൽ)* | 0 | 22736628 | 22736628 | 22736628 | 0 |
| *വികസന ഫണ്ട് (എസ്.സി.പി)* | 0 | 4447297 | 4447297 | 4447297 | 0 |
| *വികസന ഫണ്ട് (റ്റി.എസ്.പി)* | 0 | 170930 | 170930 | 170930 | 0 |
| *മെയിന്റനൻസ് (റോഡ്)* | 0 | 7812590 | 7812590 | 7812590 | 0 |
| *മെയിന്റനൻസ് (നോൺ റോഡ്)* | 0 | 5821175 | 5821175 | 5821175 | 0 |
| *കെ.എൽ.എസ്. ജി.ഡി.പി* | 0 | 3612821 | 3612821 | 3612821 | 0 |
| *സി.എഫ്.സി* | 0 | 10575488 | 10575488 | 10575488 | 0 |
| *ജനറൽ പർപ്പസ് ഗ്രാന്റ്* | 7838507 | 13292058 (*1) | 21130565 (*1) | 20555268 (*1) | 575297 |
| *എം.എൻ.ആർ. ഇ.ജി.എസ് (*2)* | 1659 | 1354591 | 1356250 | 1354864 | 1386 |
| *ബി-ഫണ്ട്* | 0 | 323400 | 323400 | 323400 | 0 |

| | | | | | |
|---|---|---|---|---|---|
| *സാക്ഷരത* | 7522 | 28300 | 35822 | 0 | 35822 |
| *ജോയിന്റ് വെഞ്ചർ (ബ്ലോക്ക്/ജില്ല)* | 0 | 3804000 | 3804000 | 4077384(*3) | -273384 |
| *തനത് ഫണ്ട്* | 15082397 | 13791327 | 28873724 | 15871179 | 13002545 |
| *എസ്.എസ്.എ* | 4198 | 0 | 4198 | 0 | 4198 |
| *ഡിസ്ട്രസ് റിലീഫ് ഫണ്ട്* | 40078 | 132310 | 172388 | 128300 (*4) | 44088 |
| *ജലനിധി* | 943877 | 2411245 | 3355122 | 1637146 | 1717976 |

(*1) ഈയിനത്തിലെ തൻവർഷ അലോട്ട്മെന്റ് തുക 13188000/- രൂപയാണ്. മറ്റ് വരവുകൾ 104058/- രൂപ. ആകെ തൻവർഷ വരവ് 13292058/- രൂപ (13188000 + 104058) . ചെലവ് തുക 5342284/- രൂപയാണ്, 15212984/-രൂപ അക്കൗണ്ടിൽ നിന്നും റിഡംപ്ഷൻ എമൗണ്ട് ആയി സർക്കാർ പിൻവലിച്ച (5342284+15212984=20555268).

*2) ഇ.എഫ്.എം.എസ് തുക വാർഷിക ധനകാര്യ പത്രിക പ്രകാരം 2,58,70,180/- രൂപയാണ്. എന്നാൽ പഞ്ചായത്തിലെ ഇ.എഫ്.എം.എസ് സ്റ്റേറ്റ്മെന്റ് പ്രകാരം ഇത് 2,75,60,000/- രൂപയാണെന്ന് കാണുന്നു.

(*3) ഈയിനത്തിലെ ചെലവ് 2365089/- രൂപയാണ്, അൺക്യാഷ്ഡ് ചെക്ക് 273384/- രൂപ. 1438911/- രൂപ അക്കൗണ്ടുകളിൽ നിന്നും റിഡംപ്ഷൻ ആയി സർക്കാർ പിൻവലിച്ച (2365089+273384+1438911= 4077384).

(*4) ആർ.പി 29 ൽ ഡിസ്ട്രസ് റിലീഫ് ഫണ്ട് ഇനത്തിൽ ചെലവായി രേഖപ്പെടുത്തിയിരിക്കുന്നത് 132310/- രൂപയാണ്. ടി തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളുടേയും നടപ്പാക്കിയ പ്രോജക്ടുകളുടേയും വിവരം ചുവടെ കൊടുത്തിരിക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 180 | 101488364 | 138 | 43504613 | 0 | 42 | 76 |

പഞ്ചായത്ത് സമിതിയുടെ അനുമതിയോടെ 140 പദ്ധതികൾക്ക് അംഗീകാരം വാങ്ങിയെങ്കിലും ആകെ 104 പദ്ധതികൾ മാത്രമാണ് സ്പിൽ ഓവർ ഉൾപ്പെടെ നടപ്പിലാക്കിയിട്ടുള്ളത്. ഇത്തരത്തിൽ അംഗീകാരം ലഭ്യമാക്കിയശേഷം പദ്ധതികൾ നടപ്പിലാക്കാതിരിക്കുന്നത് ന്യായീകരിക്കാവുന്നതല്ല. ആയതിനാൽ ഭാവിയിൽ അംഗീകാരം ലഭിക്കുന്ന മുഴുവൻ പദ്ധതികളും നടപ്പിലാക്കി പദ്ധതിലക്ഷ്യം കൈവരിക്കുവാൻ

പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2017-18 സാമ്പത്തിക വർഷം നിർവ്വഹണോദ്യോഗസ്ഥ തലത്തിലെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തത് | പൂർത്തീകരണ ശതമാനം |
|---|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 12 | 509540 | 11 | 2539510 | 0 | 1 | 91.00 |
| 2 | വെറ്റിനറി സർജൻ | 8 | 8538000 | 8 | 2447452 | 0 | 0 | 100 |
| 3 | സെക്രട്ടറി | 25 | 8587017 | 13 | 3746722 | 0 | 12 | 52.00 |
| 4 | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 5 | 1917000 | 5 | 1793305 | 0 | 0 | 100 |
| 5 | വി.ഇ.ഓ 1 | 5 | 14470000 | 3 | 6993106 | 0 | 2 | 60.00 |
| 6 | വി.ഇ.ഓ II | 5 | 2576250 | 4 | 1320000 | 0 | 1 | 80.00 |
| 7 | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 3 | 800000 | 3 | 800000 | 0 | 0 | 100 |
| 8 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 6592000 | 7 | 4226167 | 0 | 2 | 78.00 |
| 9 | അസി.എഞ്ചിനീയർ | 92 | 43029493 | 68 | 29680683 | 0 | 24 | 74.00 |
| 10 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1300000 | 1 | 950000 | 0 | 0 | 100 |
| 11 | ഹെഡ്മിസ്ട്രസ് | 9 | 4364339 | 9 | 3575718 | 0 | 0 | 100 |
| 12 | അസി.സെക്രട്ടറി | 5 | 4218725 | 5 | 1643152 | 0 | 0 | 100 |
| | | 180 | 101488364 | 138 | 59715815 | 0 | 42 | |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1659 | 1354591 | 1356250 | 1354864 | 1386 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 25870180 | 25870180 | 25870180 | 0 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 323400 | 552 |
| കർഷകതൊഴിലാളി പെൻഷൻ | 5041200 | 400 |
| വിധവാപെൻഷൻ | 22165300 | 1834 |
| വാർദ്ധക്യകാലപെൻഷൻ | 4768300 | 3731 |
| വികലാംഗപെൻഷൻ | 5544200 | 469 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 448100 | 38 |
| ആകെ | 38290500 | 7024 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24-11-2018 രാവിലെ 11 AM ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 24801 രൂപയുടെ ക്യാഷ് ബാലൻസിന്റെ /നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം എല്ലാ മാസവും ഓഫീസ് മീറ്റിംഗ് യോഗം ചേർന്നിട്ടില്ല. 08-06-2017, 13-12-2017, 06-02-2018 എന്നീ തീയതികളിൽ ചേർന്ന ഓഫീസ് മീറ്റിംഗുകൾ കേവലം ഹാജർ രേഖപ്പെടുത്തി പിരിയുകയാണുണ്ടായത്. സെപ്റ്റംബർ , നവംബർ മാസങ്ങളിൽ ഓഫീസ് മീറ്റിംഗ് നടത്തിയിട്ടില്ല. പ്രതിമാസ പ്രവർത്തന പരിപാടി തയ്യാറാക്കി സ്റ്റിയറിംഗ് കമ്മിറ്റി ഭരണ സമിതിക്ക് നൽകണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. 2018-19 വർഷം ആഗസ്റ്റിന് ശേഷം ഓഫീസ് മീറ്റിംഗ് യോഗം ചേർന്നിട്ടില്ല.

1-10-1 ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തണം

ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തുക വഴി ഭരണഘടനയുടെ ആമുഖത്തിൽ വിഭാവനം ചെയ്യുന്ന സാമൂഹ്യ നീതി, പദവിയിലും അവസരത്തിലുമുള്ള തുല്യത എന്നിവ സേവനപ്രദാനത്തിൽ ഉറപ്പുവരുത്തുവാൻ സഹായകമാണ്.

| | |
|---|---|
| രജിസ്ട്രേഷൻ/വിതരണ രജിസ്റ്റർ പരിപാലനം | വിതരണ രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട് |
| അപേക്ഷ/പരാതിക്ക് കൈപ്പറ്റ് രസീത് നൽകണം | കൈപ്പറ്റ് രസീത് നൽകാറുണ്ട് |
| ഫ്രണ്ട് ഓഫീസ് ഡയറി തയ്യാറാക്കി സൂക്ഷിക്കണം | ഡയറി അപൂർണ്ണമാണ്. വ്യവസ്ഥാപിത രീതിയിലല്ല ഡയറി പരിപാലിക്കുന്നത് |
| ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കണം | ഡ്യൂട്ടി രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. |
| ഫോറം വിതരണ രജിസ്റ്റർ പരിപാലിക്കണം | രജിസ്റ്റർ പരിപാലിച്ചിട്ടില്ല |
| സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം | ഓഫീസിൽ എഴുതി പ്രദർശിപ്പിച്ചിട്ടില്ല |
| വില ഈടാക്കുന്നവയ്ക്ക് വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തണം. | രജിസ്റ്റർ പരിപാലിക്കുകയോ ഈയിനത്തിലെ വരവിന്റെ വിശദാംശം എഴുതി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല |
| ലഭിക്കുന്ന തപാലുകൾ അന്നേ ദിവസം തന്നെ സെക്ഷനുകൾക്ക് നൽകണം.തൻപതിവേടിൽ ചേർത്ത വിവരം സൂപ്പർവൈസർ മോണിട്ടറിംഗ് നടത്തണം | തപാലുകൾ അന്നേ ദിവസം തന്നെ സെക്ഷനുകൾക്ക് നൽകാറുണ്ട്. 2017-18 വർഷം വിവിധ സെക്ഷനുകൾ കൈകാര്യം ചെയ്തിരുന്ന തൻപതിവേടുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല |
| ഫ്രണ്ട് ഓഫീസ് മോണിട്ടറിംഗ് സമിതി ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് വൈസ് പ്രസിഡന്റും സൂപ്പർവൈസറും ചേർന്ന് തയ്യാറാക്കി ഭരണസമിതിക്ക് നൽകണം | ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് നൽകാറില്ല |

1-10-2 <u>വിവരാവകാശ രജിസ്റ്റർ പരിപാലനം തൃപ്തികരമല്ല</u>

ഗ്രാമപഞ്ചായത്തിൽ അനക്ഷർ II മാതൃകയിലല്ല വിവരാവകാശ രജിസ്റ്റർ എഴുതി സൂക്ഷിച്ചിരിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നമ്പർ 27/30.10.2018 നൽകിയ മറുപടിയിൽ വരും വർഷങ്ങളിൽ നിർദ്ദിഷ്ട മാതൃകയിലുള്ള രജിസ്റ്ററിൽ വിശദാംശങ്ങൾ എഴുതി സൂക്ഷിക്കുന്നതാണെന്ന് മറുപടി നൽകി.

1-10-3 സേവനാവകാശം

സേവനാവകാശ നിയമം (01-01-2013 ലെ സ.ഉ(എം.എസ്) നമ്പർ 03/2013/തസ്വഭവ പ്രകാരവും കേരള സംസ്ഥാന സേവനാവകാശം (Removal of Difficulties) ഉത്തരവ് ജി.ഓ(പി) നമ്പർ 14/2013/പി ആന്റ് ആർ.ഡി 20/04/2013 ലെ കേരള സംസ്ഥാന സേവനാവകാശ നിയമം 2012 (18-06-2012) വകുപ്പ് 3 ലെ ഭേദഗതി പ്രകാരവും ചുമതലപ്പെടുത്തിയത് അനുസരിച്ചും സംസ്ഥാനത്തെ ഗ്രാമപഞ്ചാത്തുകളിൽ നിന്നും നൽകിവരുന്ന സേവനങ്ങൾ, നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ അനുവദിച്ച് നൽകേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ലഭിച്ച മുഴുവൻ അപേക്ഷകളും സമയബന്ധിതമായി പൂർത്തീകരിച്ചതായി ഓഡിറ്റ് അന്വേഷണത്തിന് (നം.35/16-08-2018) മറുപടിയായി അറിയിച്ചിട്ടുണ്ട്. എന്നാൽ ആയത് പരിശോധിക്കുന്നതിനായി 2017 ലെ സേവനാവകാശ രജിസ്റ്ററോ മറ്റ് രേഖകളോ ഓഡിറ്റിന് ഹാജരാക്കിയില്ല. അതിനാൽ പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ നിശ്ചിത സമയ പരിധിക്കുള്ളിൽ ലഭിച്ചുവെന്ന് ഉറപ്പാക്കാനായിട്ടില്ല.

1-10-4 പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടില്ല

1994 ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഭേദഗതിയിലൂടെ പൗരാവകാശ രേഖ സംബന്ധിച്ച വ്യവസ്ഥ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമാക്കിയിരുന്നു. ഓരോ തദ്ദേശ ഭരണ സ്ഥാപനവും അതിൻകീഴിൽ കൈമാറിക്കിട്ടിയ ഓഫീസുകളും ആ പ്രദേശത്തെ പൗരൻമാർക്ക് ലഭ്യമാകുന്ന വിവിധ സേവനങ്ങളും അവ ലഭ്യമാക്കുന്ന അവസരങ്ങൾ, സമയപരിധി, നടപടിക്രമം എന്നിവയടങ്ങിയ വിവരങ്ങൾ പ്രസിദ്ധീകരിക്കേണ്ട രേഖയാണത്. 1994 ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശ തയ്യാറാക്കൽ ചട്ടങ്ങളിലെ) ചട്ടം 3(1) പ്രകാരം തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് കമ്മിറ്റി, നിലവിലുള്ള പഞ്ചായത്ത് ചട്ടങ്ങൾ പ്രാബല്യത്തിൽ വന്ന് ആറ് മാസത്തിൽ കഴിയാത്ത കാലയളവിനുള്ളിൽ പൗരാവകാശ രേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതും പ്രധാന സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുകയും പൊതുജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യുകയും ചെയ്യേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നാളിതുവരെ പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടില്ല

ജനാധിപത്യ സംവിധാനത്തിൽ ഭരണ സ്ഥാപനങ്ങളിൽ നിന്നും പൗരന് ലഭിക്കേണ്ട അവകാശങ്ങളെക്കുറിച്ചും അവയുടെ നിർവ്വഹണത്തെക്കുറിച്ചും ഉറപ്പ് വരുത്തുവാൻ ഉത്തരവാദിത്തമുള്ള സെക്രട്ടറിയും വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും സത്ഭരണം വർക്കിംഗ് ഗ്രൂപ്പും ഇക്കാര്യത്തിൽ ഉത്തരവാദിത്തം നിറവേറ്റി കാണുന്നില്ല.

1-10-5 സത്ഭരണത്തിനുവേണ്ടി ആവിഷ്കരിച്ച പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല

സത്ഭരണം കാര്യക്ഷമമാക്കുന്നതിന് വേണ്ടി ചുവടെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചെങ്കിലും നടപ്പിലാക്കിയിട്ടില്ല. പ്രസ്തുത പ്രോജക്ടുകൾ നടപ്പിലാക്കുന്നതിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഭാഗത്തുനിന്നും ശ്രമം ഉണ്ടാകേണ്ടതാണ്.

| ക്രമ നമ്പർ | പദ്ധതിയുടെ പേര്, നമ്പർ | അടങ്കൽ |
|---|---|---|
| 1 | ഐ.എസ്.ഓ സർട്ടിഫിക്കേഷൻ- പുതിയ സ്റ്റാൻഡെർഡൈസേഷൻ (82/17-18) | 12780 |
| 2 | പുറമ്പോക്ക് സംരക്ഷണം (83/17-18) | 2,00,000 |

| | | |
|---|---|---|
| 3 | ആസ്തി വിവര ശേഖരണവും രേഖപ്പെടുത്തലും (84/17-18) | 2,00,000 |
| 4 | ഐ.എസ്.ഓ സർട്ടിഫിക്കേഷൻ- ഘടക സ്ഥാപനങ്ങൾക്ക് (164/17-18) | 4,00,000 |

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.10.2018 | 09/2018 | - |
| അക്കൗണ്ടന്റ് ജനറൽ | 30.01.2017 മുതൽ 13.02.2017 വരെ | 2011-12 മുതൽ 2015-16 വരെ | 11.07.2018 |

## 1-12 വാർഷിക ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ

1) ആർ.പി 29 ൽ ഡിസ്ട്രസ് റിലീഫ് ഫണ്ട് ഇനത്തിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നത് 132310/- രൂപയാണ്. മുന്നിരിപ്പ് ഉൾപ്പെടെ ആകെ വരവ് 172388/- രൂപയും നീക്കിയിരിപ്പ് 44088/- രൂപയും ആണ്. ഇത് പ്രകാരം ലഭിക്കുന്ന ചെലവ് തുക 128300/- രൂപയാണ് (172388-44088=128300). എന്നാൽ എ.എഫ്.എസിൽ ഇത് 127500/- രൂപ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ടി തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2) ഐ-18 ഷെഡ്യൂളിലെ പ്രയർ പിരീഡ് ഇൻകംസ് (+) ആയി രേഖപ്പെടുത്തിയിരിക്കുന്നു. പ്രയർ പിരീഡ് ഇൻകംസ് രേഖപ്പെടുത്താൻ 2 ൽ തുടങ്ങുന്ന ഹെഡ് ഓഫ് അക്കൗണ്ടുകൾ മാത്രമേ ഉള്ളൂ എന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം 1) മറുപടി നൽകി.

3) ഐ-14 ഡി ഷെഡ്യൂളിലെ ഹെഡ് ഓഫ് അക്കൗണ്ട് നമ്പർ 254200126 “Production Incentive to Paddy growers” (2000 രൂപ) ആർ.പി 7 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

4) ഡെവലപ്മെന്റ് ഫണ്ട് (ജനറൽ) (HOA 160100101) പ്രകാരം വരവ് ചെലവ് എന്നിവ 22736628 രൂപയാണ്. എന്നാൽ എ.സി.ആറിൽ പ്രോഗ്രസ്സീവ് ടോട്ടൽ 22739428/- രൂപയാണ്. വ്യത്യാസം 2800/- രൂപ.

5) ആർ.പി.34 (സപ്ലൈയേഴ്സ് ഇ.എം.ഡി) ലെ ഹെഡ് ഓഫ് അക്കൗണ്ട് നമ്പർ 340100102 ലെ വരവ് തുക 85100/- രൂപയാണ്. രജിസ്റ്റർ പ്രകാരം ഇത് 86350/- രൂപയാണെന്ന് കാണുന്നു.

6) വാർഷിക ധനകാര്യ പത്രികയിലെ ബി 11(a) പ്രകാരം ക്യാപിറ്റൽ വർക്ക് -ഇൻ-പ്രോഗ്രസ് 3384/- രൂപയെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ അസി.എഞ്ചിനീയർ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷം പാർട്ട് പേയ്മെന്റ് നടത്തിയ ബില്ലുകളുടെ ആകെ തുക 1298598/- രൂപയാണ്. ടി തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഡി ആന്റ് ഓ ലൈസൻസ് - വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് പരിപാലിച്ചിട്ടില്ല

2017-18 സാമ്പത്തിക വർഷം വരെയും ഗ്രാമപഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് എഴുതി സൂക്ഷിച്ചിട്ടില്ല. ഡി ആന്റ് ഓ ലൈസൻസ് മാത്രമാണ് നിലവിൽ പരിപാലിച്ചിട്ടുള്ളത്. ട്രേഡേഴ്സ് ലിസ്റ്റിന്റെ അഭാവത്തിൽ ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിച്ച വരുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമല്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ വ്യാപാര വാണിജ്യ സ്ഥാപനങ്ങളുടെയും വിശദാംശം ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും ആയത് കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും സെക്രട്ടറിയുടെയും സത്വര ഇടപെടൽ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതുണ്ട്. കൂടാതെ റേഷൻ കടകൾക്ക് ഡി ആന്റ് ഓ ലൈസൻസ് എടുത്തിട്ടില്ല. കടയുടമകൾക്ക് ഇക്കാര്യത്തിൽ നോട്ടീസ് നൽകാൻ നടപടി സ്വീകരിക്കേണ്ടതാണ്.

### 2-2 ഇ-ടെണ്ടറിംഗ്, ടെണ്ടറിംഗ് ഫോറം വില ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ഒടുക്ക വരുത്തിയില്ല

2017-18 സാമ്പത്തിക വർഷം ഇ-ടെണ്ടറിംഗ് മുഖേന നടപ്പിലാക്കിയ 43 മരാമത്ത് പ്രവൃത്തികളുടെ ഫോറം വിലയായ 1,03,500/- രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ഭാഗികമായി ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. എന്നാൽ പ്രസ്തുത തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 2-3 ഹാപ്പിലാന്റ് അമ്യൂസ്മെന്റ് പാർക്ക്- കുടിശ്ശികയുള്ള വിനോദ നികുതി ഈടാക്കുന്നത് ഹൈക്കോടതി സ്റ്റേ ചെയ്തു

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹാപ്പിലാന്റ് അമ്യൂസ്മെന്റ് പാർക്കിന്റെ 2011-12 വർഷം മുതൽ 2014-15 വർഷം വരെ വിനോദ നികുതിയിനത്തിൽ ഈടാക്കേണ്ടിയിരുന്ന കുടിശ്ശികതുകയായ 60,00,000/- രൂപയും അതിന്റെ പിഴപ്പലിശ ഉൾപ്പെടെ ഈടാക്കുന്നതിന് മുൻ റിപ്പോർട്ട് പ്രകാരം നിർദ്ദേശിച്ചിരുന്നു. ആയത് പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി 26-06-18, 24-07-18 എന്നീ തീയതികളിൽ നോട്ടീസ് നൽകിയെങ്കിലും പ്രസ്തുത നടപടികൾക്കെതിരെ എതിർകക്ഷി ബഹു.ഹൈക്കോടതിയെ സമീപിച്ച് സ്റ്റേ കരസ്ഥമാക്കിയിരിക്കയാണ്.

### 2-4 വസ്തു നികുതിയിനത്തിൽ 35 ലക്ഷം രൂപയുടെ കുടിശ്ശിക

വസ്തു നികുതി ഇനത്തിൽ തൻവർഷം 35,00,000 രൂപ കുടിശ്ശികയായി നിൽക്കുന്നു. ആയത് പിഴപ്പലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുണ്ട്. വസ്തു നികുതി ഡിമാന്റിലെ ന്യൂനതകൾ പരിഹരിക്കുന്നതിന് ഫീൽഡ് വിസിറ്റ് നടത്തേണ്ടതുണ്ട്. തനത് വരുമാന സ്രോതസ്സുകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ ചുമതലപ്പെട്ട ജീവനക്കാരും മേൽനോട്ട ചുമതലയുള്ള ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗുണഭോക്തൃ തെരഞ്ഞെടുപ്പ്- സർക്കാർ നിർദ്ദേശം പാലക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3(9) പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി അപേക്ഷകൾ ക്ഷണിക്കുകയും ലഭിക്കുന്ന അപേക്ഷകളിന്മേൽ അന്വേഷണം നടത്തുകയും ചെയ്ത ശേഷം ഗ്രാമപഞ്ചായത്ത് തയ്യാറാക്കി നൽകുന്ന അതത് വാർഡുകളിലുള്ള അപേക്ഷകരുടെ കരട് മുൻഗണനാ ലിസ്റ്റ് അപേക്ഷകരെ കൂടി ക്ഷണിച്ചുകൊണ്ടുള്ള ഗ്രാമസഭ യോഗത്തിൽ വച്ച് സൂക്ഷ്മപരിശോധന നടത്തേണ്ടതും മുൻഗണനാക്രമത്തിൽ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതുമാണ്. മേൽ പറഞ്ഞ വിധം മുൻഗണനാക്രമം നിശ്ചയിക്കുന്നതിനായി മാനദണ്ഡങ്ങൾ നിശ്ചയിച്ച് മാർക്ക് രേഖപ്പെടുത്തിയ ഷീറ്റ് ഗുണഭോക്തൃ തെരഞ്ഞെടുപ്പിനുള്ള അപേക്ഷയോടൊപ്പം ഉൾക്കൊള്ളിച്ചിട്ടില്ല. അപേക്ഷാ ഫോറത്തിൽ 'അപേക്ഷകന് ലഭിച്ച മാർക്കും മുൻഗണനാ മാനദണ്ഡങ്ങളും' എന്ന പട്ടിക ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് പൂരിപ്പിച്ചിട്ടില്ല. കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായ തെങ്ങുകൃഷി വികസനം, ഇടവിളകൃഷി എന്നീ പദ്ധതികൾക്ക് വിവിധ വാർഡുകളിലെ അപേക്ഷകളാണ് പരിശോധനയ്ക്ക് വിധേയമാക്കിയത്. പ്രസ്തുത അപേക്ഷകളിൽ ഗ്രാമസഭാ തീരുമാനം സംബന്ധിച്ച വിവരവും പൂരിപ്പിച്ചിട്ടില്ല. കൂടാതെ ഗ്രാമസഭയുടെ മുൻഗണനാ ലിസ്റ്റ് പ്രകാരമുള്ള അപേക്ഷകളുടെ അർഹതയും മുൻഗണനയും ഫീൽഡ് ലെവൽ പരിശോധന നടത്തി ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. മേൽ പറഞ്ഞ കാരണങ്ങളാൽ അപേക്ഷകന് ലഭിച്ച മാർക്കിന്റെയും ഗ്രാമസഭ നിശ്ചയിച്ച മുൻഗണനാ മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിലല്ല ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത് എന്ന് വ്യക്തമാണ്.

## 3-2 വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല

വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ ദാരിദ്ര്യലഘൂകരണം, ചെറുകിട വ്യവസായം ഒഴികെയുള്ള വർക്കിംഗ് ഗ്രൂപ്പുകൾ വാർഡ് അടിസ്ഥാനത്തിലാണ് മീറ്റിംഗ് കൂടിയിട്ടുള്ളത്. അജണ്ട രേഖപ്പെടുത്തുന്നില്ല. മിനിട്സ് ക്ലോസ് ചെയ്ത് ചെയർമാനും കൺവീനറും ഒപ്പിട്ടിട്ടില്ല. ദുരന്ത നിവാരണത്തിന് പുതിയ വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. പ്രധാന വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

| സ്റ്റാൻഡിംഗ് കമ്മിറ്റി | വർക്കിംഗ് ഗ്രൂപ്പ് മേഖലകൾ | നടപടി |
|---|---|---|
| ധനകാര്യം | പൊതുഭരണം- കണക്കുകളും രേഖകളും തയ്യാറാക്കൽ | നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ തീർപ്പ് കൽപ്പിക്കാത്ത ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളിൽ കാരണം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് പരിപാലിക്കുന്നില്ല. |
| വികസനം | 1.കൃഷിയും അനുബന്ധ മേഖലയും<br>2.മൃഗ സംരക്ഷണം | സ്റ്റേക്ക് ഹോൾഡർമാരുമായി ചേർന്ന് പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തി നിർദ്ദേശിക്കുന്നില്ല |
| വികസനം | പൊതുമരാമത്ത് | തുക വിഭജിക്കുമ്പോൾ വാർഡിന് പകരം പഞ്ചായത്ത് എന്ന സങ്കൽപ്പത്തിന് ഊന്നൽ നൽകിയില്ല |

| | | |
|---|---|---|
| ക്ഷേമകാര്യം | 1.ദാരിദ്ര്യ ലഘൂകരണം<br>2. സാമൂഹ്യക്ഷേമം<br>3. പട്ടികജാതി പട്ടിക വർഗ്ഗ വികസനം<br>4. സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണം | നിർദ്ദേശങ്ങൾ മാത്രമേ രേഖപ്പെടുത്തിയുള്ളൂ |

## 3-3 സേവാ ഗ്രാമകേന്ദ്രങ്ങൾ- പ്രവർത്തനം വിലയിരുത്തലിന് വിധേയമാക്കണം

ഗ്രാമസഭാംഗങ്ങളുടെ ഒത്തു ചേരലിനും കാര്യക്ഷമമായ തുടർപ്രവർത്തനങ്ങൾക്കും സേവനങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടിയുള്ള ആസ്ഥാനമാണ് ഗ്രാമകേന്ദ്രങ്ങൾ. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വിവിധ സേവനങ്ങൾ ലഭ്യമാക്കുന്ന എക്സ്റ്റൻഷൻ കേന്ദ്രമായും വിവിധ ചുമതലകൾ വാർഡ് തലത്തിൽ നിർവ്വഹിക്കുന്ന പ്രവർത്തനങ്ങളുടെ ഏകോപന കേന്ദ്രമായും ഗ്രാമകേന്ദ്രങ്ങൾ പ്രവർത്തിക്കണമെന്നും ഗ്രാമകേന്ദ്രം പ്രവർത്തന മാർഗ്ഗരേഖയിൽ ജി.ഓ(എം.എസ്) /112/2014/തസ്വഭവ തീയതി 25-06-2014 നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ എല്ലാ വാർഡുകളിലും ഗ്രാമകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനം സദ്ഭരണം വർക്കിംഗ് ഗ്രൂപ്പ് കൃത്യമായി വിലയിരുത്തേണ്ടതുണ്ട്.

## 3-4 പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് നിർമ്മാണം- സമഗ്ര പഠനത്തിന്റെ അഭാവത്താൽ സാമ്പത്തിക ബാദ്ധ്യത സൃഷ്ടിക്കുന്നു

മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2016-17, 2017-18 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി പോത്തൻകോട് ശാന്തിഗിരി ആശ്രമത്തിന്റെ ഉടമസ്ഥതയിലുള്ള 50 സെന്റ് സ്ഥലത്ത് 20 വർഷത്തെ പാട്ട വ്യവസ്ഥയിൽ നടപ്പാക്കിയ മാലിന്യ സംസ്കരണ യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രവൃത്തി | ചെലവ് തുക | വർഷം |
|---|---|---|---|
| 2 | റിസോർസ് റിക്കവറി സെന്റർ നിർമ്മാണം (68/18, 145/18) | 25,90,684 | 2017-18 |
| ആകെ | | 2890684 (സി.എഫ്.സി ഗ്രാന്റ്) | |

വൈദ്യുതീകരണ പ്രവൃത്തി കൂടി പൂർത്തിയാകുമ്പോൾ ആകെ ചെലവ് 3344524 രൂപയാകും. ഇതിനുപുറമേ ഷ്രെഡ്ഡിംഗ് യൂണിറ്റിന്റെ പ്രവർത്തന ചെലവായി തൻവർഷം 453840 രൂപ സി.എഫ്.സി ഗ്രാന്റിൽ നിന്നും ചെലവായി.

20-03-2017 ൽ ആണ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ശാന്തിഗിരി ആശ്രമം ജനറൽ സെക്രട്ടറിയും തമ്മിൽ പാട്ടക്കരാറിൽ ഏർപ്പെട്ടത്. പ്രസ്തുത യൂണിറ്റ് ബ്ലോക്ക് ലെവലിൽ ഉയർത്തുന്നതിന്റെ ഭാഗമായി ബ്ലോക്കിനു കീഴിലുള്ള മറ്റ് ഏഴ് ഗ്രാമപഞ്ചായത്തുകളെയും ഉൾപ്പെടുത്തി വാമനപുരം ബ്ലോക്കുമായി 08-02-2018 ൽ മറ്റൊരു കരാറിൽ മാണിക്കൽ ഗ്രാമപഞ്ചായത്ത് ഏർപ്പെട്ടു. പ്രസ്തുത നടപടിയുടെ ഭാഗമായി 26-03-2018 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ അജണ്ട 6 പ്രകാരം ശാന്തിഗിരി ആശ്രമവുമായി ഒരു

അഡീഷണൽ എഗ്രിമെന്റിൽ ഏർപ്പെടാൻ തീരുമാനിച്ചു. എന്നാൽ നാളിതുവരെയും കരാറിൽ എർപ്പെട്ടിട്ടില്ല.

പദ്ധതിയുടെ ആസൂത്രണത്തിലും നടത്തിപ്പിലും താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തി.

1) ബ്ലോക്ക് പഞ്ചായത്തുമായി പ്രാരംഭ ഘട്ടത്തിൽ ചർച്ച നടത്തി ബ്ലോക്കിന് കീഴിലുള്ള ഗ്രാമപഞ്ചായത്തുകളുമായി സംയുക്തമായി പദ്ധതി നടപ്പിലാക്കിയിരുന്നു എങ്കിൽ ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനത്തിന് ഗ്രാമപഞ്ചായത്ത് ചെലവഴിക്കേണ്ടി വന്ന തുകയിൽ ആനുപാതികമായ കുറവ് വരുത്താൻ കഴിയുമായിരുന്നു. പഞ്ചായത്തിന് അധിക ബാദ്ധ്യത വന്ന തുക ഉപയോഗിച്ച് മറ്റ് വികസനപ്രവർത്തനങ്ങൾനടത്താനുള്ള സാധ്യതയാണ് തന്മൂലം ഇല്ലാതായത്.

2) ആദ്യ കരാറിലെ വ്യവസ്ഥ 3 ൽ ഒന്നാം കക്ഷിയായ ശാന്തിഗിരി ആശ്രമത്തിനാണ് പദ്ധതിയുടെ നടത്തിപ്പവകാശവും അതിൽ നിന്നുള്ള വരുമാനം എടുക്കുന്നതിനുള്ള അവകാശവുംനിക്ഷിപ്തമായിരിക്കുന്നത്. എന്നാൽ യൂണിറ്റിന്റെ നടത്തിപ്പ് ചെലവ് ഗ്രാമപഞ്ചായത്താണ് നിലവിൽ നിർവ്വഹിക്കുന്നത്. പ്രസ്തുത അവകാശം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കാത്തത് 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 219 ജി യുടെ ലംഘനമാണ്.

3) 26-3-2018 ൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്ത കരാറിലെ വ്യവസ്ഥ 5 പ്രകാരം ആദ്യ കരാറിലെ ഏതെങ്കിലും നിബന്ധനകൾക്ക് വിരുദ്ധമായി ഗ്രാമപഞ്ചായത്ത് പ്രവർത്തിക്കുകയാണെങ്കിൽ പ്രസ്തുത കരാറിൽ പറയുന്ന വസ്തു നിയമാനുസരണം തിരിച്ചെടുക്കുന്നതിനുള്ള അവകാശം ശാന്തിഗിരി ആശ്രമത്തിന് ഉണ്ടായിരിക്കുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അത്തരം സാഹചര്യം ഉണ്ടായാൽ മാണിക്കൽ ഗ്രാമപഞ്ചായത്ത് നിർമ്മാണ പ്രവൃത്തികൾക്കായി ചെലവഴിച്ച മുപ്പത് ലക്ഷത്തോളം രൂപയുടെ ആസ്തി ആശ്രമത്തിന്റെ ഉടമസ്ഥതയിലാകുന്ന സാഹചര്യം സംജാതമാകും.

4) പദ്ധതിക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റെ മുൻകൂർ അനുമതി വാങ്ങിയിട്ടില്ല

5) ശുചിത്വ മിഷൻ ഫണ്ട് പ്രസ്തുത പ്രോജക്ടിന് ലഭ്യമാക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ശുചിത്വ മിഷന്റെ സാങ്കേതികാനുമതി ഇല്ലാതെയാണ് പദ്ധതി പൂർത്തീകരിച്ചത്

6) ബ്ലോക്കുമായി കരാറിൽ ഏർപ്പെടുന്നതിന് മുൻപ് തന്നെ അതിന്റെ കീഴിലുള്ള മറ്റ് പഞ്ചായത്തുകൾ പ്ലാസ്റ്റിക് മാലിന്യം ഷ്രെഡിംഗിനായി കൊണ്ടു വരുന്നുണ്ട്.

7) പദ്ധതി നടപ്പിലാക്കുന്നതിൽ സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയ്ക്ക് കഴിയാതെ പോയി. പദ്ധതി നടപ്പിലാക്കുന്നതിന് മുൻപ് പദ്ധതിയുടെ വിജയ സാദ്ധ്യതയെപ്പറ്റി സാദ്ധ്യതാപഠനം നടത്താതിരുന്നത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ജാഗ്രതക്കുറവാണ്.

8) ഓരോ വർഷവും അഞ്ച് ലക്ഷം രൂപയോളം പദ്ധതി നടത്തിപ്പിനും വൈദ്യുതി ചാർജ്ജിനത്തിലും ഗ്രാമപഞ്ചായത്തിന് അധികം കണ്ടെത്തേണ്ടി വരുന്നു.

വാണിജ്യാടിസ്ഥാനത്തിൽ ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കുവാനുള്ള അധികാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കുവാൻ പുതിയ കരാർ ചമയ്ക്കുമ്പോൾ ശ്രദ്ധിക്കേണ്ടതാണ്. ഷ്രെഡഡ് പ്ലാസ്റ്റിക് മരാമത്ത് പ്രവൃത്തികളുടെ ടാറിംഗ് പ്രവൃത്തികൾക്ക് ഉപയോഗിക്കേണ്ടതാണ്.

## 3-5 കരാർ ചമയ്ക്കാതെ സാധനങ്ങൾ വാങ്ങി

എ) പ്രോജക്ട് നമ്പർ - 40/18

പ്രോജക്ടിന്റെ പേര് - പി.എച്ച്.സി സദ്ഭരണം

അടങ്കൽ - 200000

ചെലവ് - 200000

ബിൽ നമ്പർ - 20/17-18 തീയതി 27-03-2018

21/17-18 തീയതി 27-03-2018

കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും മേൽ പരാമർശിച്ച ബില്ലുകൾ പ്രകാരം 151715/- രൂപയുടെ ഫർണിച്ചറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. എന്നാൽ സ്ഥാപനവുമായി കരാർ ചമച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 01/ 23-11-2018) അറിവില്ലായ്മ കൊണ്ടാണ് ഇപ്രകാരം സംഭവിച്ചതെന്ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകി. വരും വർഷങ്ങളിൽ സമാനമായ പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ Procurement Manual നിർദ്ദേശിച്ച ചട്ടങ്ങളെല്ലാം പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 3-6 പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടം-വിജ്ഞാപനം പുറപ്പെടുവിച്ചെങ്കിലും നടപ്പിലായില്ല

കേന്ദ്ര സർക്കാരിന്റെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 പ്രകാരം, പ്ലാസ്റ്റിക് ക്യാരി ബാഗുകളിലും മൾട്ടി ലെയർ പാക്കുകളിലും സാധനങ്ങൾ നൽകുന്ന കച്ചവടക്കാരിൽ നിന്ന് പിഴ ഈടാക്കാവുന്നതാണ്. മേൽ ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന കച്ചവടക്കാർ, വഴിവാണിഭക്കാർ തുടങ്ങിയവർ ഗ്രാമപഞ്ചായത്തിൽ നിന്നും രജിസ്ട്രേഷൻ ലഭിക്കുന്നതിനായി പ്രതിമാസം 4000/- രൂപ നിരക്കിൽ പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജന ഫീസിനത്തിൽ തദ്ദേശസ്ഥാപനങ്ങളിൽ ഒടുക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ നിയമാനുസൃതം രജിസ്റ്റർ ചെയ്യാത്ത കച്ചവടക്കാർ പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്നത് നിയമവിരുദ്ധമാണെന്ന പ്രചാരണം പഞ്ചായത്ത് തലത്തിൽ നൽകേണ്ടതുണ്ട്. പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ലെ നിർദ്ദേശ പ്രകാരം പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24-09-2014 ലെ 576/ഡി.സി 1/16 തസ്വഭവ നമ്പർ സർക്കുലർ പ്രകാരം വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം മാലിന്യ നിർമ്മാർജ്ജന ഫീസ് ഈടാക്കി വ്യാപാരികളും തെരുവ് കച്ചവടക്കാരും രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് തദ്ദേശ സ്ഥാപനങ്ങൾ അടിയന്തിരമായി വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് പറയുന്നു. അത്തരത്തിൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും അതിന്മേൽ ഗ്രാമപഞ്ചായത്ത് 2017-18 വർഷം നടപടികൾ സ്വീകരിച്ചു കാണുന്നില്ല. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 3-7 വനിതാ റിസോർസ് സെന്റർ ലക്ഷ്യം കൈവരിച്ചില്ല

പ്രോജക്ട് നമ്പർ - 69/18

അടങ്കൽ - 1660438

ചെലവ് - 1638582

നിർവ്വഹണോദ്യോഗസ്ഥൻ- അസി.എഞ്ചിനീയർ

സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമിട്ട് ആരംഭിച്ച പ്രസ്തുത സെന്ററിന്റെ ഒരു ഭാഗത്ത് ഒരു അങ്കണവാടിയാണ് പ്രവർത്തിക്കുന്നത്. വനിതാ വികസനവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് കുടനിർമ്മാണം, തയ്യൽ പരിശീലനം, കമ്പ്യൂട്ടർ പരിശീലനം, ഫാഷൻ ഡിസൈനിംഗ്, അഗർബത്തി നിർമ്മാണം എന്നീ പ്രോജക്ടുകൾ ശുപാർശ ചെയ്തെങ്കിലും ആയവ ഒന്നും തന്നെ പ്രസ്തുത യൂണിറ്റിൽ പ്രവർത്തനക്ഷമമായില്ല. പ്രത്യേക ലക്ഷ്യമില്ലാതെ പദ്ധതികൾ ആവിഷ്കരിച്ചത് മൂലമാണ് ഇത്തരത്തിൽ യൂണിറ്റുകൾ പ്രവർത്തനക്ഷമമാകാതെ പോകുന്നത്. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ

ക്ഷണിക്കുന്നു.

## 3-8 തെരുവ് വിളക്ക് പരിപാലനം- നിർദ്ദിഷ്ട മാതൃകയിൽ രേഖകൾ സൂക്ഷിച്ചിട്ടില്ല

തെരുവ് വിളക്ക് കത്തിക്കുകയും അവയെ പരിപാലിക്കുകയും ചെയ്യുക എന്നത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽ ഉൾപ്പെടുന്നതാണ്. എന്നാൽ തെരുവ് വിളക്കുകളുടെ കണക്കുകൾ സൂക്ഷിക്കുന്നതിലും മീറ്റർ സ്ഥാപിക്കുന്നതിലും വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ല. വാർഡ് തലത്തിലുള്ള പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകളുടെ കണക്ക് സൂക്ഷിച്ചിട്ടില്ല. കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധനയും നടത്തിയിട്ടില്ല. 17-08-2015 ലെ ജി.2/44274/15- ാം നമ്പറായി പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശത്തിൽ അടാട്ട് മാതൃകയിൽ തെരുവ് വിളക്കുകളുടെ പരിപാലനം നടത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മറ്റ് നിർദ്ദേശങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിബന്ധന | നടപടിക്രമം |
|---|---|---|
| 1 | ഗ്രാമപഞ്ചായത്തിലെ മുഴുവൻ തെരുവ് വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കണമെന്നും ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ എണ്ണം റിസർവ് ആയി കരുതാവുന്നതാണെന്നും നിർദ്ദേശിക്കുന്നു | രജിസ്റ്റർ സൂക്ഷിക്കുന്നില്ല |
| 2 | സാമ്പത്തിക വർഷാവസാനം സ്റ്റോക്ക് ഇൻ രജിസ്റ്ററും സ്റ്റോക്ക് ഔട്ട് രജിസ്റ്ററും റീ കൺസൈൽ ചെയ്തതായി ഉറപ്പു വരുത്തണം | നടപടിക്രമം പാലിച്ചിട്ടില്ല |
| 3 | കേടായ സാധനങ്ങളുടെ വിവരം അതത് ദിവസം രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കണം | നടപടിക്രമം പാലിച്ചിട്ടില്ല |
| 4 | വാർഡ് തല മോണിട്ടറിംഗ് സമിതികൾ രൂപീകരിക്കണം | രൂപീകരിച്ചിട്ടില്ല |
| 5 | മെയിന്റനൻസ് രജിസ്റ്റർ പരിപാലിക്കണം | രജിസ്റ്റർ പരിപാലിക്കുന്നില്ല |

## 3-9 അതീവ ഗുരുതര മേഖലയിൽ പെടുന്ന വിഭാഗത്തിന് പ്രോജക്ട് നടപ്പിലാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം കൃഷി ഭൂമിയിലെ വന്യജീവി ആക്രമണം അതീവ ഗുരുതരമേഖലയിൽ ഉൾപ്പെട്ടതാണ്. ജൈവ വേലി നിർമ്മാണം ആണ് ഇതിന് പരിഹാരമായി നിർദ്ദേശിച്ചിരിക്കുന്നത്. എന്നാൽ ഇതിലേക്കായി 2017-18 വർഷം പ്രോജക്ടുകളൊന്നും ആവിഷ്കരിച്ച് നടപ്പാക്കി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 02/24.11.2018) നൽകിയ മറുപടിയിൽ ജൈവവേലി നിർമ്മാണം ഫലപ്രദമല്ലെന്നും സോളാർ ഫെൻസിംഗ് ആണ് അനുപേക്ഷണീയമെന്നും എന്നാൽ തൻവർഷം ഇപ്രകാരമുള്ള പ്രോജക്ടുകൾ നടപ്പിലാക്കാൻ സാധിച്ചില്ലെന്നും കൃഷി ഓഫീസർ അറിയിച്ചു. ഓരോ മേഖലയിലെയും പ്രശ്നങ്ങൾക്ക് വ്യക്തമായ പരിഹാര നിർദ്ദേശങ്ങൾ കണ്ടെത്താനും ആയവ സമയബന്ധിതമായി നടപ്പിലാക്കാനും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും (വികസന കാര്യ) നിർവ്വഹണോദ്യോഗസ്ഥനും ശ്രദ്ധിക്കേണ്ടതാണ്.

## 3-10 ജലസേചന പമ്പ് സെറ്റ്- ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി- 140080/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ - 135/17-18

പ്രോജക്ടിന്റെ പേര് - കാർഷിക ജലസേചന ആവശ്യങ്ങൾക്കുള്ള പമ്പ് സെറ്റ്

അടങ്കൽ - 250000

ചെലവ് - 212465

ബിൽ നമ്പർ - 08/17-18 തീയതി 19-01-18

11/17-18 തീയതി 19-01-18

15/17-18 തീയതി 26-03-18

28 ഗുണഭോക്താക്കൾക്കാണ് പ്രസ്തുത പ്രോജക്ട് പ്രകാരം പമ്പ് സെറ്റിന്റെ വില അനുവദിച്ച് നൽകിയത്. സബ്സിഡി മാർഗ്ഗരേഖപ്രകാരം ടി ഗുണഭോക്താക്കൾ പമ്പ് സെറ്റ് കാർഷികാവശ്യത്തിന് വിനിയോഗിക്കുന്ന എന്ന സാക്ഷ്യപത്രം ഫയലിൽ ഉൾക്കൊള്ളിച്ചിട്ടില്ല. പ്രോജക്ട് പ്രകാരം ആനുകൂല്യം ലഭിച്ച ചുവടെ പരാമർശിക്കുന്ന ഗുണഭോക്താക്കളെ ഗ്രാമസഭ തെരഞ്ഞെടുത്തതല്ല, ഇവരെ തൊട്ടടുത്ത് ചേർന്ന ഗ്രാമസഭാ യോഗം സാധൂകരിച്ചിട്ടുമില്ല. ഗുണഭോക്താക്കളെ ഭരണസമിതി തെരഞ്ഞെടുത്ത് നല്കിയതിന്റെ രേഖകളും ഫയലിൽ ലഭ്യമല്ല. ടി ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ആനുകൂല്യം നൽകിയതിന്റെ മാനദണ്ഡം വ്യക്തമല്ല. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമനം | ഗുണഭോക്താവിന്റെ പേര് | വാർഡ് നമ്പർ | അനുവദിച്ച തുക |
|---|---|---|---|
| 1 | ശ്രീ.ജലീൽ, പുൽപ്പാറ കിഴക്കരവീട് | VII | 7340 |
| 2 | ശ്രീ.ശിവാനന്ദൻ, തേരിക്കാട്ടിൽ വീട്, കുതിരകുളം | VII | 10000 |
| 3 | ശ്രീ.ഹാഷിം, സയ മൻസിൽ | VII | 10000 |
| 4 | ശ്രീ.മോഹനൻ, ഷൺമുഖ വിലാസം | XVI | 9700 |
| 5 | ശ്രീ.അജിത് കുമാർ, ആറാട്ട് വിള പുത്തൻവീട് | V | 10000 |
| 6 | ശ്രീ.ഷാജി, സോപാനം | I | 5150 |
| 7 | ശ്രീ.ആനന്ദൻ, ആറാട്ട് വിള വീട് | V | 9320 |
| 8 | ശ്രീ.വിജയൻ, ഉത്രാടം | V | 4470 |

| | | | |
|---|---|---|---|
| 9 | ശ്രീ.കൃഷ്ണപിള്ള, കൃപാലയ | V | 8800 |
| 10 | ശ്രീ.രവീന്ദ്രൻ നായർ, കാർത്തിക | XXI | 9360 |
| 11 | ശ്രീ.സതീശൻ, അയിത്തിൽ വീട് | II | 3500 |
| 12 | ശ്രീ.അബ്ദുൾ ജലാൽ, ദാറുലാലി | XV | 5420 |
| 13 | ശ്രീമതി.സിന്ധു, മാങ്കുളത്ത് പുത്തൻവീട് | III | 5750 |
| 14 | ശ്രീ.അബ്ദുൾ ഹക്കീം, എ.എസ് മൻസിൽ | VII | 9500 |
| 15 | ശ്രീമതി.ശ്രീജാ കുമാരി, സാരഥി, പാറയ്ക്കൽ | I | 6450 |
| 16 | ശ്രീമതി.പങ്കജാക്ഷി അമ്മ, വാരംകോണത്ത് വീട് | XXI | 6000 |
| 17 | ശ്രീ.മധുസൂദനൻനായർ, വേമ്പൂട്ടിൽ വീട് | XVIII | 9320 |
| 18 | ശ്രീ.ജയപ്രകാശ്, തിരുവാതിര അണ്ണൽ | XIII | 10000 |
| ആകെ | | | 140080 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 03/24-11-18) നൽകിയ മറുപടിയിൽ ലിസ്റ്റിൽ നിന്നും ഗുണഭോക്താക്കൾ വരാത്തതിനാൽ പഞ്ചായത്ത് കമ്മിറ്റിയുടെ ശുപാർശയോടെയാണ് പദ്ധതി നടപ്പിലാക്കിയതെന്ന് കൃഷി ഓഫീസർ മറുപടി നൽകി. എന്നാൽ ഇത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയ രേഖകളൊന്നും ഓഡിറ്റിന് ഹാജരാക്കിയില്ല. ഇക്കാരണത്താൽ ഗ്രാമസഭ തെരഞ്ഞെടുക്കാത്ത ഗുണഭോക്താക്കൾക്ക് നൽകിയ 140080 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

ജി.ഒ(എം.എസ്)നം.72/2017 തസ്വഭവ 29-03-2017 ഖണ്ഡിക 5.7(1,2) പ്രകാരം അന്തിമ പദ്ധതി രൂപീകരണം, ഓരോ പ്രോജക്ടിന്റെയും യുക്തി ക്ഷമത, പ്രായോഗികത, നിയമസാധുത, വിജയസാദ്ധ്യത എന്നിവ വർക്കിംഗ് ഗ്രൂപ്പുകൾ ചർച്ച ചെയ്ത് ഉറപ്പ് വരുത്തണം. വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് കീഴിലുള്ള മേൽ പദ്ധതികളിൽ ഇത്തരത്തിലുള്ള നടപടിക്രമങ്ങൾ യഥാവിധി പിൻതുടർന്നതിലുള്ള വീഴ്ച കാരണമാണ് ഇത്തരം അപാകതകൾ സംഭവിച്ചതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതികൾ നടപ്പിലാക്കാൻ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

## 3-11 റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗ നിർദ്ദേശങ്ങൾ ജി.ഓ(എം.എസ്) നം.72/2017/lsgd തീയതി 29-03-2017 ലെ ഖണ്ഡിക 12.10(1) പ്രകാരം ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കണം.

റോഡ് നിർമ്മാണ പ്രോജക്ടിനൊപ്പം റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രോജക്ട് പ്രകാരം നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖയിൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ നാളിതുവരെയും റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല.

## 3-12 കറവ പശു വിതരണം- പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ

പ്രോജക്ട് നമ്പർ - 197/18

അടങ്കൽ - 1050000

ചെലവ് - 1,00,000

ബിൽ നമ്പർ - 13/17-18 തീയതി 27-03-2018

സർക്കാർ ഉത്തരവ് (എം.എസ്)80/17/തസ്വഭവ തീയതി 03-04-2017 ലെ സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരം പർച്ചേസ് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഗുണഭോക്താക്കളിൽ നിന്നുള്ള 5 പേർ ഉൾപ്പെടുന്ന സമിതി ആയിരിക്കണം വാങ്ങൽ നടത്തേണ്ടത്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ഗുണഭോക്താക്കൾ വ്യക്തിപരമായി വാങ്ങൽ നടത്തിയതായി കാണുന്നു. ഭാവിയിൽ സമാനമായ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ മേൽ അപാകത ഒഴിവാക്കാൻ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്

## 3-13 വിഭാവനം ചെയ്യുന്ന പ്രോജക്ടുകൾ പൂർണ്ണമായി നടപ്പാക്കുന്നില്ല

വെറ്റിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളിൽ ചുവടെചേർക്കുന്ന പ്രോജക്ടുകൾ വിഭാവനം ചെയ്തതിൽ നിന്നും വളരെ കുറച്ചു മാത്രമേ നടപ്പിൽ വരുത്തിയിട്ടുള്ളൂ.

| ക്രമ നം. | പ്രോജക്ടിന്റെ പേര് (നമ്പർ) | കർഷകരുടെ എണ്ണം | | |
|---|---|---|---|---|
| | | ലക്ഷ്യം | നേടിയത് | % |
| 1 | മിനി ഡയറി യൂണിറ്റ് ആധുനിക വൽക്കരണം (S00 05/18) | 15 | 2 | 13 |
| 2 | കറവപ്പശു വിതരണം (SO 197/18) | 21 | 4 | 19 |
| 3 | കോഴിക്കുഞ്ഞ് വിതരണം (SO 196/18) | 6826 (കുടുംബം) | 996 (കുടുംബം) | 14.5 |

ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം ഗുണഭോക്താക്കൾ നിലവിലുണ്ടായിട്ടും പ്രോജക്ട് ലക്ഷ്യം കൈവരിക്കാൻ സാധിക്കാത്തത് (ഓ.എൻക്വയറി നമ്പർ 13/18 തീയതി 28-11-2018) ആസൂത്രണത്തിൽ വന്ന ജാഗ്രതകുറവും ആവശ്യകതാ നിർണ്ണയത്തിലെ അപാകതയുമാണ്. ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ ലക്ഷ്യം കൈവരിച്ചോയെന്ന് വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്.

## 3-14 ക്ഷീരകർഷകർക്ക് സബ്സിഡി- ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമായില്ല- സബ്സിഡി വിതരണം പൂർത്തിയാക്കാനായില്ല

പ്രോജക്ട് നമ്പർ - 162/18

അടങ്കൽ തുക - 13,00,000

ചെലവ് - 950000

വികസന ഫണ്ട് 450000/- രൂപ, ബ്ലോക്ക് ഫണ്ട് 4,00,000/-രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം 4,50,000/- രൂപ എന്ന നിലയിൽ വിഹിതം നിർണ്ണയിച്ച് നടപ്പിൽ വരുത്തിയ പ്രോജക്ടിൽ ജില്ല പഞ്ചായത്ത് വിഹിതമായ 4,50,000/- രൂപയിൽ 1,00,000/- രൂപ മാത്രമാണ് ലഭിച്ചത്. തന്മൂലം പദ്ധതിയുടെ ഗുണഫലം യഥാസമയം ലഭിക്കുന്നതിനുള്ള സാഹചര്യം നഷ്ടപ്പെടുകയുണ്ടായി. വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പ്രസ്തുത വിവരം മേൽതട്ട് പഞ്ചായത്തിനെ യഥാസമയം അറിയിക്കാൻ ശ്രദ്ധിക്കേണ്ടതും ഫണ്ട് ലഭ്യമാക്കാൻ ജില്ലാ പഞ്ചായത്തിനോട് ആവശ്യപ്പെടേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | | 34000 | നെൽകൃഷി വികസനം ഒന്നാംവിള | 34000 | 0 |
| | | 129200 | പച്ചക്കറി വികസനം | 129200 | 0 |
| | | 20400 | ജൈവ പച്ചക്കറി | 20400 | 0 |
| ജില്ലാ പഞ്ചായത്ത് | | 20400 | ജൈവപച്ചക്കറി | 20400 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 125000 | ബ്രോയിലർ യൂണിറ്റ് | 125000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 371000 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 318000 | 53000 |
| ജില്ലാ പഞ്ചായത്ത് | | 371000 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 371000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 63000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 63000 | 0 |

| | | | | | |
|---|---|---|---|---|---|
| | | 30000 | സ്വയം തൊഴിലിന് ഇരുചക്ര വാഹനം | 0 | 30000 |
| | | 500000 | സ്വയം തൊഴിലിന് ടാക്സികൾ-പിക്ക് അപ്പ് വാൻ | 0 | 500000 |
| ബ്ലോക്ക് പഞ്ചായത്ത് | | 140000 | പള്ളിമൺപോംകുന്ന് റോഡ് കോൺക്രീറ്റ് | 140000 | 0 |
| | | 400000 | വെമ്പായം 13 നട മണ്ണാൻവിള തേവലക്കാട് റോഡ് ടാറിംഗ് | 392927 | 7073 |
| | | 600000 | പ്ലാക്കീഴ് കുന്നമുകൾ അണ്ണൽ റോഡിൽ കലുങ്ക് നിർമ്മാണം | 3384 | 596616 |
| | | 500000 | പകൽ വീട് നിർമ്മാണം | 0 | 500000 |
| | | 400000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 400000 | 0 |
| ജില്ലാ പഞ്ചായത്ത് | | 10000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 10000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കൊപ്പം-അണ്ണൽ, കൊപ്പം-ഹാപ്പിലാന്റ് | 525000 | 493000 | 32000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | - | 11300000 | 3390000 | 1130000 | - | 2260000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 21 | 2005-06 | 2.4.1 | | നഷ്ടോത്തരവാദിയായ ഉദ്യോഗസ്ഥന് കത്തയച്ചു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | *114232398* |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | *99124470* |
| വരവിനത്തിലെ നഷ്ടം | 0 |
| ചെലവിനത്തിലെ നഷ്ടം | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 140080 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-10 | 140080 | ശ്രീമതി.പമീല രാജ് , കൃഷി ഓഫീസർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനുള്ള ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 2002-03 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.10/936/18 തീയതി 18-07-18 | 2 |
| 2005-06 | | 6 |
| 2006-07 | | 4 |
| 2007-08 | | 5 |
| 2008-09 | | 3 |
| 2009-10 | | 18 |
| 2010-11 | | 34 |
| 2011-12 | | 11 |
| 2012-13 | | 2 |
| 2013-14 | | 3 |
| 2014-15 | | 3 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1/934/16 | 10 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1661/17 | 4 |

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4-ാം വകുപ്പും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 -ാം വകുപ്പ്, ഇവ അനുസരിച്ചും കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക സാമ്പത്തികവർഷത്തെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്